ചൗധരി ചരൺസിംഗ്

# കർഷകരുടെ പ്രധാനമന്ത്രി



**എലിസബത്ത് തോമസ്**

ഡിസംബർ 23, ഭാരതത്തിന്റെ അഞ്ചാമത്തെ പ്രധാനമന്ത്രിയായിരുന്ന ചൗധരി ചരൺസിംഗിന്റെ ജന്മദിന സ്മരണയിൽ രാജ്യം ദേശീയ കർഷകദിനം ആചരിക്കുന്നു. 1902ൽ ഉത്തർപ്രദേശിലെ തേവിയിൽ കർഷക കുടുംബത്തിൽ ചരൺസിംഗ് ജനിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം സ്വാതന്ത്ര്യലബ്ധിക്കു ശേഷം റാം മനോഹർ ലോഹ്യയുടെ ഗ്രാമീണ സോഷ്യലിസവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ രാഷ്ട്രീയ മണ്ഡലങ്ങളായ പശ്ചിമ ഉത്തർപ്രദേശിലെയും ഹരിയാനയിലെയും ജാട്ട് സമുദായത്തിന്റെ പ്രിയങ്കരമായ ആശയമായിരുന്നു ഗ്രാമീണ സോഷ്യലിസം.

1979 ജൂലൈ 28 മുതൽ 1980 ജനുവരി 14 വരെ ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്നു. ജയ് ജവാൻ ജയ് കിസാൻ എന്ന പ്രശസ്തമായ മുദ്രാവാക്യം പിന്തുടർന്നു കർഷകരുടെ പ്രതിനിധിയായി സ്ഥാനമേറ്റു. കാർഷിക രാജ്യമായ ഇന്ത്യയിൽ ജനസംഖ്യയുടെ 70 ശതമാനം ജനങ്ങളും കൃഷി തൊഴിലാക്കി ജീവിക്കുന്നവരാണ്. മണ്ണിന്റെ മകനായി ജീവിച്ച അദ്ദേഹം കർഷകരുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയത്നിച്ചു. കാർഷിക പരിഷ്കരണവും പുതിയ നയങ്ങളും ഇന്ത്യപോലുള്ള രാജ്യത്ത് പ്രാവർത്തികമാക്കാൻ ചൗധരി ചരൺ സിംഗിന്റെ പ്രവർത്തനങ്ങൾക്ക് സാധിച്ചു. കർഷകരുടെ പ്രശ്നങ്ങൾ മനസിലാക്കാൻ അദ്ദേഹത്തിന്റെ കാർഷിക പശ്ചാത്തലം സഹായിച്ചു.

കർഷകരുടെ ഉന്നമനത്തിനുവേണ്ടി സെമിന്ദാരി നിരോധന നിയമം രൂപപ്പെടുത്തി നടപ്പാക്കി.അദ്ദേഹത്തിന്റെ ആത്മാർഥമായ സേവനവും കാന്തിക വ്യക്തിത്വവും കർഷകരെ ഭൂവുടമകൾക്കും പണപ്പെരുപ്പക്കാർക്കുമെതിരേ ഒന്നിച്ചു നിർത്തി. കർഷകരുടെ ഉന്നമനത്തിനായി കാർഷിക ഉത്പന്ന വിപണന ബിൽ നടപ്പിലാക്കി. കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് 1979ൽ ബജറ്റ് അവതരിപ്പിച്ചു. കർഷകരുടെ പ്രശ്നങ്ങളും അതിനുള്ള പരിഹാരങ്ങളും തന്റെ രചനകളിലൂടെ അവതരിപ്പിക്കാനും ചരൺസിംഗിനായി.

1987 മേയ് 29ന് ചരൺസിംഗ് അന്തരിച്ചു. കർഷകരുടെ കാര്യങ്ങളിൽ നിരന്തരം ഇടപെട്ട അദ്ദേഹത്തിന്റെ സമാധി സ്ഥലം കിസാൻ ഘട്ട് എന്ന് അറിയപ്പെടുന്നു. ഇന്ത്യൻ കർഷകനെക്കുറിച്ചുള്ള കാഴ്ചപ്പാടുകളുടെ അംഗീകാരമായി എല്ലാ വർഷവും ഡിസംബർ 23 കിസാൻ ദിനമായി ആചരിക്കുന്നു.

Deepika 20.12.17